A

602

# വാർഷിക മൂല്യനിർണയം 2015-2016

## മലയാളം

## കേരളപാഠാവലി

ക്ലാസ്സ് VI

സമയം: 2 മണിക്കൂർ

നിർദ്ദേശങ്ങൾ :

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് മുമ്പ് 15 മിനിട്ട് സമാശ്വാസസമയം(കൂൾ ഓഫ് ടൈം)ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

### പ്രവർത്തനം-1

**ഓടയിൽ നിന്ന്** എന്ന കഥയിലെ പപ്പുവിനെ അറിയാമല്ലോ.റോഡിൽ വച്ച് തന്റെ റിക്ഷതട്ടി കുട്ടി വീണപ്പോൾ അയാളുടെ മനസ്സിലുണ്ടാവാനിടയുള്ള ചിന്തകൾ വായിക്കൂ.

എന്റെ ഇത്രയും കാലത്തെ ജീവിതത്തിൽ ഇങ്ങനെയൊരപകടം ഇതുവരെ ഉണ്ടായിട്ടില്ലല്ലോ, ഒക്കെ ആ യാത്രക്കാരന്റെ ധൃതിമൂലം സംഭവിച്ചതാണ്. ഉടനെ തിരിച്ച്ചെന്ന് ആ കുട്ടിയെ ആശ്വസിപ്പിക്കണം.

എ) ഇതുപോലെ കുഴലൂത്തുകാരന്റെ പ്രതികാരത്തിനിരയായ മേയറുടെ ചിന്തകൾ **ആത്മഗത** രൂപത്തിൽ എഴുതുക.

ബി) വാക്കുകൾ ചേക്കേറുന്നിടം, വേനലിൽ ഒരു പുഴ, ചാഞ്ഞു പെയ്യുന്ന മഴ എന്നീ കൃതികളുടെ രചയിതാവ് താഴെ കൊടുത്തവരിൽ ആരാണ്?
(ജി.ശങ്കരപ്പിള്ള , കേശവദേവ്, റോസ് മേരി)

### പ്രവർത്തനം-2

എൻ.പി.മുഹമ്മദ് കല്ലായിപ്പുഴയുടെ മനോഹാരിത വർണ്ണിച്ചത് നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ. ഈ കുറിപ്പ് വായിക്കൂ.

പാതയ്ക്കിരുവശവും കാട്ടുപൂക്കളും വള്ളികളും പടർന്നു നിൽക്കുന്നു. അവയ്ക്ക് അതിശയിപ്പിക്കുന്ന വർണ്ണങ്ങൾ. ഇലയ്ക്കും തണ്ടിനും, പഴത്തിനും കായയ്ക്കും ഏതോ വർണഭ്രാന്തൻ വാരിവിതറിയ നിറങ്ങൾ. ഉണങ്ങിയ പൂക്കളുടെ ധാരാളിത്തം വേറെ. ചക്രവാളങ്ങളിലേക്ക് ആകാശം വളഞ്ഞുകുത്തിനിൽക്കുന്നു. പാതയ്ക്ക് താഴെ പുൽമൈതാനങ്ങളും, മേച്ചിൽപ്പറമ്പുകളും ഗോതമ്പു പാടങ്ങളും. എങ്ങും മേയുന്ന പശുക്കളും ചെമ്മരിയാടുകളും. അവയ്ക്കെല്ലാം മണി കെട്ടിയിട്ടുള്ളതിനാൽ കാറ്റിലൂടെ മൃദുലമണിനാദങ്ങൾ ഒഴുകി നടക്കുന്നു. തടിയൻ മുയലുകൾ വഴിക്കു വിലങ്ങനെ ചാടുന്നു.

യാത്രയ്ക്കിടയിൽ കണ്ടും,കേട്ടും അനുഭവിച്ചതുമായ കാര്യങ്ങൾ നാം അനുഭവിക്കുന്നതുപോലെ വർണിച്ചത് വായിച്ചല്ലോ.

എ) നിങ്ങളുടെ മനസ്സിൽ തട്ടിയ ഒരു കാഴ്ച/സംഭവം **വർണിക്കുക.**

ബി) 'വർണഭ്രാന്തൻ വാരിവിതറിയ നിറങ്ങൾ'ഈ പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്
[(എ) എല്ലാറ്റിനും ഒരേ നിറം (ബി) നിറങ്ങളുടെ വൈവിധ്യം (സി) യോജിക്കാത്ത നിറങ്ങൾ]

## പ്രവർത്തനം-3

> ബോംബെയിൽ നിന്ന് സമുദ്രംവഴിയായി 2500 നാഴികസഞ്ചരിച്ച് പത്താം ദിവസം പ്രഭാതത്തിൽ ആഫ്രിക്കൻ വൻകരയുടെ കിഴക്കൻ പടിവാതിലെന്നു പറയപ്പെടുന്ന 'മൊമ്പാസ്' തുറമുഖം സ്പർശിച്ച ഞങ്ങളുടെ കപ്പലിൽ നിന്നു പുറത്തേക്കു നോക്കിയപ്പോൾ ആദ്യമായി എന്റെ ശ്രദ്ധയിൽപ്പെട്ടത് 'വാർഫി'ലെ -ഗുദാമിന്റെ മുകൾത്തട്ടിൽ നിന്ന് അത്ഭുതത്തോടെ കപ്പലിനെ നോക്കിക്കൊണ്ടു നില്ക്കുന്ന അർദ്ധനഗ്നനായ ഒരു കൂറ്റൻ കാപ്പിരിയുടെ രൂപമാണ്- കാപ്പിരികളുടെ നാട്ടിൽ വച്ച് ഞാൻ ആദ്യമായി കണ്ടു മുട്ടുന്ന നീഗ്രോ. ആഫ്രിക്കൻ വൻകരയിലെ കറുത്ത വർഗ്ഗങ്ങളെ മുഴുവനും അവൻ പ്രതിനിധീകരിക്കുന്നതായി എനിക്ക് തോന്നി...

എസ്.കെ.പൊറ്റെക്കാട്ടിന്റെ **'കാപ്പിരികളുടെ നാട്ടിൽ'** എന്ന യാത്രാവിവരണം തുടങ്ങുന്നതിങ്ങനെയാണ്.

യാത്ര പോകുന്ന സ്ഥലം,ദൂരം,വാഹനം കാഴ്ചകളുടേയും പ്രദേശത്തിന്റേയും സവിശേഷതകൾ , അവ ആവിഷ്ക്കരിക്കുന്ന ഭാഷ തുടങ്ങിയ പല കാര്യങ്ങളും ഈ ഭാഗത്തുനിന്ന് മനസ്സിലാകുന്നില്ലേ .

നല്ല ഒരു പേരും അദ്ദേഹം നൽകിയിട്ടുണ്ട്.

മറ്റെന്തല്ലാം കാര്യങ്ങളാണ് യാത്രാവിവരണത്തിൽ ഉൾപ്പെടുത്തേണ്ടത്?

എ) നിങ്ങൾ നടത്തിയ ഏതെങ്കിലും യാത്രയെക്കുറിച്ച് ഒരു **വിവരണം** തയ്യാറാക്കു......

ബി) താഴെപ്പറയുന്നവയിൽ യാത്രാവിവരണമല്ലാത്ത കൃതിയേത്?
(വിഷകന്യക, നൈൽ ഡയറി, ബാലിദ്വീപ്)

## പ്രവർത്തനം- 4

> പുല്ലുപായ വിരിച്ചുവിളിപ്പൂ
> തെല്ലിരിക്കുവാൻ താഴ്വര നമ്മെ
> താലോലിച്ചിടുകെന്നെയൊന്നെന്ന-
> ത്താമരക്കുളം മാടിവിളിക്കെ
> കുന്നിൻ ചായ്വിലെ പാറവിളിപ്പൂ,
> "വന്നിരുന്നു നുകരുകീ ഭംഗി"
> നിൽക്കാതോടുന്ന നമ്മളെ നോക്കി
> നിന്ദിച്ചല്ലീ കിളികൾ ചിലപ്പൂ?
> വേവലാതിയാണെപ്പോഴുമെങ്കിൽ
> ജീവിതം കൊണ്ട് സാധ്യമെന്താവോ?

ജീവിതത്തിന്റെ തന്ത്രപ്പാടിനിടയിൽ നമുക്കായുള്ള പ്രകൃതിയുടെ തലോടൽ പലപ്പോഴും നാം അറിയാതെ പോകുന്നു എന്ന് ഓർമപ്പെടുത്തുന്ന **'സാധ്യമെന്ത്?'** എന്ന ഈ കവിത പഠിച്ചിട്ടുണ്ടല്ലോ.

ഈ കവിത വായിക്കൂ..

പാടിപ്പറന്നിടും പൈങ്കിളിയെക്കട-
ന്നോടിപ്പിടിച്ചു ഞാനുമ്മവെയ്ക്കും
*   *   *
വെള്ളപ്പളുങ്കൊളിത്തണ്ണീരുറവയിൽ-
തുള്ളിപ്പൊടിച്ചു തുടിച്ചു നീന്തും;
*   *   *
പാറമേൽച്ചാരിക്കിടന്നുകൊണ്ടോരോരോ
കാറിൻനിരയുമായ് സല്ലപിക്കും;
വാനിൽനിന്നമ്പിളി വെൺകതിർ തൂകുമ്പോ-
ളാനന്ദക്കോൾമയിർച്ചട്ട ചാർത്തു

ഉള്ളൂർ

എ) ഉള്ളൂരിന്റെ ഈ കവിതാഭാഗവുമായി 'സാധ്യമെന്ത്' എന്ന കവിതയെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

ബി) നിൽക്കാതെ എന്നതിനോട് ഓടുക എന്ന് ചേരും പോലെ കറുത്ത എന്നതിനോട് ചേരുന്ന വാക്ക് ഏത്?
(ഓടുക, കുപ്പായം, വരയ്ക്കുക)

**പ്രവർത്തനം-5**

'മയന്റെ മായാജാലം' എന്ന കവിതയിൽ നമ്പ്യാർ കവിതയുടെ മനോഹാരിത പരിചയപ്പെട്ടു വല്ലോ?

ഈ കവിത വായിക്കൂ.

**കദളീവനം**

പച്ചക്കദളിക്കുലകൾക്കിടക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾ കൊണ്ടുവിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
*ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
താഴത്തുഭാഗത്തു വീണു കിടക്കുന്ന
വാഴപ്പഴം കൊണ്ടു മൂടി മഹീതലം
*പാഴറ്റ പട്ടുവിരിച്ച കണക്കിനേ
വാഴയ്ക്കു ചുറ്റും പ്രകാശമുണ്ടെപ്പൊഴും
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നു നടക്കുന്നു.

- കുഞ്ചൻനമ്പ്യാർ.

*ബാലാനിലൻ- ഇളങ്കാറ്റ്   *പാഴറ്റ- മനോഹരമായ

എ) കവിതയുടെ ആശയം,ശബ്ദഭംഗി, പ്രയോഗഭംഗി തുടങ്ങിയവ ഉൾക്കൊള്ളിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.